**ഫുഡ്സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം**

തൈക്കാട്.പി.ഒ, തിരുവനന്തപുരം.695014

Ph: 0471-2322833, 2322844. Fax: 0471-2322855

Email:foodsafetykerala@gmail.com

Website: www.foodsafety.kerala.gov.in

# പത്രക്കുറിപ്പ്

സംസ്ഥാനത്ത് വിൽപ്പന നടത്തുന്ന പാൽ, ബ്രെഡ് തുടങ്ങിയ പെട്ടെന്ന് ചീത്തയാകുന്ന ഭക്ഷ്യ വസ്തുക്കളുടെ പാക്കറ്റിന്റെ പുറത്ത് കൃത്യമായ ഉൽപ്പാദന തീയതി രേഖപ്പെടുത്തുന്നില്ല എന്ന് മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാരസെല്ലിൽ ഉൾപ്പെടെ പരാതികൾ വന്നിട്ടുള്ളതാണ്. ഈ വിഷയത്തിൽ താഴെ പറയുന്ന നിയമപ്രകാരമുള്ള നിബന്ധനകൾ ഇതുമായി ബന്ധപ്പെട്ട എല്ലാവരും നിർബന്ധമായി പാലിക്കണമെന്ന് ഫുഡ്സേഫ്റ്റി കമ്മീഷണർ അറിയിക്കുന്നു.

പാക്ക് ചെയ്ത് വിൽപ്പന നടത്തുന്ന എല്ലാ ഭക്ഷണ സാധനങ്ങളിലും അതിന്റെ പേരും, ഉൽപ്പാദകന്റെ പേരും മേൽവിലാസവും, ഭക്ഷ്യ വസ്തുക്കൾ ഉണ്ടാക്കുന്നതിനായി ഉപയോഗിച്ച ചേരുവകളും, ന്യൂട്രിഷണൽ ഇൻഫർമേഷനും, വെജിറ്റേറിയൻ/നോൺ വെജിറ്റേറിയൻ അടയാളവും, കളർ/ഫ്ളേവർ ചേർത്തതിന്റെ വിവരങ്ങളും, അളവ് തൂക്കവും, ലോട്ട് നം/ കോഡ് നം./ബാച്ച് നമ്പറും , ഉൽപ്പാദന തിയതിയും, ബെസ്റ്റ് ബിഫോർ/യൂസ് ബൈ ഡേറ്റും നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

എന്നാൽ 7 ദിവസത്തിൽ കൂടുതൽ സൂക്ഷിച്ചു വയ്ക്കാൻ പറ്റാത്ത പാക്ക് ചെയ്ത ഭക്ഷ്യോൽപ്പന്നങ്ങളിൽ ഉൽപ്പാദന തീയതി രേഖപ്പെടുത്തേണ്ടതില്ല. പകരം ഏത് തീയതി വരെ ഉപയോഗിക്കാം(യൂസ് ബൈ ഡേറ്റ്) എന്ന് മാത്രം വ്യക്തമായി രേഖപ്പെടുത്തിയാൽ മതിയാകും. ആയതിനാൽ പാൽ, ബ്രെഡ് എന്നിവയുടെ പാക്കറ്റിന് പുറത്ത് കാണുന്ന തീയതി യൂസ് ബൈ ഡേറ്റ് ആയിരിക്കും. ഉപഭോക്താക്കൾ ഇത് ഉൽപ്പാദിപ്പിച്ച തീയതി ആയി തെറ്റിദ്ധരിക്കരുത്.

ഉൽപ്പാദകർ ഇത്തരം ഉൽപ്പന്നങ്ങളുടെ പുറത്ത് യൂസ് ബൈ ഡേറ്റ് എന്ന് എഴുതിയതിന് ശേഷം വേണം തീയതി പ്രദർശിപ്പിക്കാൻ.

04.01.2014

ബിജുപ്രഭാകർ ഐ.എ.എസ്
(ഭക്ഷ്യ സുരക്ഷാ കമ്മീഷണർ)